# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/128/2018 2018 ജൂൺ 16

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.ഫിൽ (ബിസിനസ് സ്റ്റഡീസ് - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 17 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും സ്വീകരിക്കും.

**ബി.എസ്.സി. ലാബ് പരീക്ഷ**

നാലാം സെമസ്റ്റർ ബി.എസ്.സി. ഇലക്‌ട്രോണിക്‌സ് & ബി.എസ്.സി. കമ്പ്യൂട്ടർ മെയിന്റനൻസ് & ഇലക്‌ട്രോണിക്‌സ് മാർച്ച് 2018 പരീക്ഷയുടെ ലാബ് പരീക്ഷ ജൂൺ 19 മുതൽ 22 വരെ അതാത് കോളേജുകളിൽ നടക്കും.

**പി.എച്ച്.ഡി. പ്രവേശനം**

2018 ജൂൺ 13ന് കോട്ടയം സി.എം.എസ്. കോളേജിൽ നടത്തിയ പി.എച്ച്.ഡി. അഭിരുചി എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പരീക്ഷാഫലം**

2018 മാർച്ച് മാസത്തിൽ ഇടപ്പള്ളി സ്റ്റാസിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി. മോഡൽ 3 - സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. യു.ജി. – 2015 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 26 വരെ അപേക്ഷിക്കാം.

**എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം**

സംസ്ഥാന സർക്കാരിന്റെ 'ക്ലീൻ കാമ്പസ് ഗ്രീൻ കാമ്പസ്' എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട്, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ കോളേജുകളിലെ പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലനം ജൂൺ 18നും, ആലപ്പുഴ, എറണാകുളം ജില്ലകളിലെ കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലനം ജൂൺ 19നും നടക്കും. പരിശീലനത്തിൽ പങ്കെടുക്കുന്ന കോളേജുകൾക്കുമാത്രമേ സംസ്ഥാന സർക്കാരിൽ നിന്നും തുടർഫണ്ടുകൾ ലഭിക്കുകയുള്ളൂ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**